**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4824** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന പ്രവണത തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2023-24 അധ്യയന വർഷത്തിൽ നാന്നൂറോളം പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് 2023-24 അദ്ധ്യയന വർഷത്തിൽ നാന്നൂറോളം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്ഥിരമായി സ്കൂളിൽ എത്തുന്നില്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>കുടുംബപ്രശ്നങ്ങൾ, രക്ഷകർത്താക്കളുടെ താൽപര്യമില്ലായ്മ, സങ്കേതങ്ങളിലെ പ്രത്യേക സാമൂഹ്യാന്തരീക്ഷം, വനത്തിലോ വനത്തിന് സമീപത്തോ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങൾ, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊന്നിച്ച് യാത്ര ചെയ്യുന്നത്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടലുകൾ, വിനിമയ ഭാഷയിൽ നിന്നും പഠന മാദ്ധ്യമമായ മലയാള ഭാഷയിലേക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതെന്നാണ് മനസിലായിട്ടുള്ളത്<br><br>കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തുടങ്ങിയവ വകുപ്പുകളുടെ സഹകരണത്തോടുകൂടി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം വിദ്യാർത്ഥികൾ നേടുന്നതിനും സംയുക്ത ഇടപെടലുകൾ നടത്തി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 1. സാമൂഹ്യപഠനമുറി<br>2. ഗോത്രബന്ധു പദ്ധതി (മെന്റർ ടീച്ചർ)<br>3. വിദ്യാവാഹിനി പദ്ധതി<br>4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>5. പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ<br>6. 9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രത്യേക കേന്ദ്ര ധനസഹായം<br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം<br>8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി<br>9. എം.ആർ.എസ്./ഹോസ്റ്റൽ സൗകര്യങ്ങൾ |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് 2023-24 അദ്ധ്യയന വർഷത്തിൽ നാന്നൂറോളം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്ഥിരമായി സ്കൂളിൽ എത്തുന്നില്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>കുടുംബപ്രശ്നങ്ങൾ, രക്ഷകർത്താക്കളുടെ താൽപര്യമില്ലായ്മ, സങ്കേതങ്ങളിലെ പ്രത്യേക സാമൂഹ്യാന്തരീക്ഷം, വനത്തിലോ വനത്തിന് സമീപത്തോ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങൾ, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊന്നിച്ച് യാത്ര ചെയ്യുന്നത്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടലുകൾ, വിനിമയ ഭാഷയിൽ നിന്നും പഠന മാദ്ധ്യമമായ മലയാള ഭാഷയിലേക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതെന്നാണ് മനസിലായിട്ടുള്ളത്<br><br>കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തുടങ്ങിയവ വകുപ്പുകളുടെ സഹകരണത്തോടുകൂടി വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം വിദ്യാർത്ഥികൾ നേടുന്നതിനും സംയുക്ത ഇടപെടലുകൾ നടത്തി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 1. സാമൂഹ്യപഠനമുറി<br>2. ഗോത്രബന്ധു പദ്ധതി (മെന്റർ ടീച്ചർ)<br>3. വിദ്യാവാഹിനി പദ്ധതി<br>4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>5. പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ<br>6. 9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രത്യേക കേന്ദ്ര ധനസഹായം<br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം<br>8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി<br>9. എം.ആർ.എസ്./ഹോസ്റ്റൽ സൗകര്യങ്ങൾ |

സെക്ഷൻ ഓഫീസർ